(ബി) ഇല്ല. കെ.എ.പി. നാലാം ബറ്റാലിയനിലെ ഒഴിവുകൾ പി.എസ്.സി.- യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽ നിന്നും നിയമന ശിപാർശ ലഭിച്ച പോലീസ് കോൺസ്റ്റബിൾമാർ പരിശീലനം പൂർത്തിയാക്കി വരുന്ന മുറയ്ക്ക് അറ്റാച്ച് ചെയ്തവരെ കെ.എ.പി. I-ാം ബറ്റാലിയനിലേക്ക് മാറ്റുന്നതായിരിക്കും.

(സി) ഒഴിവുകൾ നിലവിലില്ല.

(ഡി) കെ.എ.പി.-4-ാം ബറ്റാലിയനിൽ നിലവിലുണ്ടായിരുന്ന 419 ഒഴിവുകൾ പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും അതനുസരിച്ച് 419 പേർക്ക് നിയമന ശിപാർശ ലഭിച്ചിട്ടുള്ളതുമാണ്.

എറണാകുളം കെ.എ.പി. (1)-ൽ ഉൾപ്പെട്ട വനിതാ പോലീസ് റാങ്ക് ലിസ്റ്റ്

263 (2138) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 4-2-2014-ൽ നിലവിൽ വന്ന എറണാകുളം ജില്ലയിലെ K.A.P - (I)-ൽ ഉൾപ്പെട്ട വനിതാ പോലീസ് റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് നിയമനം നൽകി ;

(ബി) നിലവിലുള്ള ഈ ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കും ; ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ എത്ര പേർക്ക് കൂടി നിയമന ശിപാർശ നല്കുവാൻ കഴിയും എന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) ആകെ 117 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഒരു വർഷമോ അഥവാ ഒരു വർഷത്തിനകം റാങ്ക് ലിസ്റ്റിൽനിന്നും അവസാനമായി നിയമന ശിപാർശ ചെയ്യപ്പെടുന്നവരുടെ പരിശീലനം തുടങ്ങുന്ന തീയതി മുതൽ ഒരു മാസമോ ഏതാണ് അവസാനമായി വരുന്നത് അതുവരെ ആയിരിക്കും. ലിസ്റ്റ് പ്രാബല്യത്തിൽ ഇരിക്കുന്ന സമയത്ത് റിപ്പോർട്ട് ചെയ്യുന്ന ഒഴിവിലേക്ക് നിയമന ശിപാർശ നൽകുന്നതാണ്.

ഫയർ സ്റ്റേഷനുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം

264 (2139) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഫയർ സ്റ്റേഷനുകളാണ് നിലവിലുള്ളതെന്നും ; ഏതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഫയർ സ്റ്റേഷനുകൾ അനുവദിക്കുന്നതെന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly